സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഗ്രൂപ്പ് മെഡിക്കൽ ഇൻഷ്വറൻസ് നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉത്തരവ് നമ്പർ: **ROC 3429/24/Est-4** നന്തൻകോട്, **22/04/2025**

---

പരാമർശം :- (1) ഈ ആഫീസിലെ 22-03-2025 ലെ മേൽ നമ്പര ഉത്തരവ്.
(2) ദേവസ്വം കമ്മീഷണറുടെ 05-04-2024 ലെ ROC 11401/19/Est-A/Est-C നമ്പർ റിപ്പോർട്ട്.
(3) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 15-04-2025 ലെ DA 325/25/E-1 നമ്പർ റിമാർക്സ്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഗ്രൂപ്പ് മെഡിക്കൽ ഇൻഷ്വറൻസ് നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച് (പരാമർശം -1) ഉത്തരവു പ്രകാരം National Insurance Company യെ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഗ്രൂപ്പ് മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷയ്ക്കായുള്ള തുടർ നടപടികൾക്ക് ചുമതലപ്പെടുത്തിയിട്ടുള്ളതും ജീവനക്കാരുടെ വിഹിതം മാസം 500/- രൂപ വീതം ഈടാക്കാവുന്നതും ബാക്കി തുക ബോർഡ് നേരിട്ട് അടയ്ക്കുന്നതുമാണെന്നും ഉത്തരവായിട്ടുള്ളതാണ്.

തുടർന്ന് പരാമർശം (2) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരിൽ നിന്നും ഏതു മാസം മുതൽ തുക പിടുത്തം വരുത്തണമെന്നും ഏത് അക്കൗണ്ടിൽ ഒടുക്കു വരുത്തണമെന്നും പ്രസ്തുത തുക പിടുത്തം വരുത്തുന്നതിൽ വീഴ്ച വരുത്തുന്നവരുടെ പേരിൽ എപ്രകാരം നടപടി സ്വീകരിക്കണമെന്നുമുള്ള ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിമാർക്സ് ലഭ്യമാക്കി (പരാമർശം -3).

പ്രസ്തുത വിഷയം ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്തു.

അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയുടെ മാസവിഹിത തുകയായ 500/- രൂപ 2025 ഏപ്രിൽ മാസം മുതലുള്ള ശമ്പളത്തിൽ നിന്നും പിടുത്തം വരുത്തേണ്ടതും ആയത് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ

(മറുപുറം)

പേരിലുള്ള അതാത് ആഫീസുകളുമായി ബന്ധപ്പെട്ട രസീപ്റ്റ് അക്കൗണ്ടിലേക്ക് ഒടുക്കുവരുത്തേണ്ടതും ഇൻഷ്വറൻസിൽ അംഗമായിട്ടുള്ള ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പ്രസ്തുത വിഹിതം പിടുത്തം വരുത്തുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും തീരുമാനിച്ച് ബോർഡ് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
3. ബഹു: പ്രസിഡന്റിന്റെ പേഴ്സണൽ സെക്രട്ടറി
4. അക്കൗണ്ട്സ് സെക്ഷൻ, ബോർഡ് ആഫീസ്
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ആഫീസ് കോപ്പി.
8. IT DIVISION

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK